**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4778** **20-07-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി – വളവുപാറ കെ.എസ്.ടി.പി. റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തലശ്ശേരി-വളവുപാറ കെ.എസ്.ടി.പി. റോഡിൽ കൂത്തുപറമ്പ് മണ്ഡലത്തിൽപ്പെട്ട ഭാഗങ്ങളിൽ റോഡ് നിർമ്മാണ പ്രവൃത്തി ഇതുവരെയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | പാക്കേജ് 3A - തലശ്ശേരി - കളറോഡ് റോഡിൽ കൂത്തുപറമ്പ് നിയമസഭാമണ്ഡലം മേഖലയിൽ പ്രധാനപ്പെട്ട എല്ലാ ജോലികളും പൂർത്തിയായി. ചില പൊതുതടസ്സങ്ങൾ കാരണം ബസ് ഷെൽട്ടർ പണികൾ വൈകി. നിലവിൽ കെർബ് പെയിന്റിംഗ് കൂടി ബാക്കിയുണ്ട്. നിലവിൽ തടസ്സങ്ങൾ നീക്കി പണി പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത റോഡിൽ ബസ് ഷെൽട്ടറുകൾ, സോളാർ ലൈറ്റുകൾ, സൗന്ദര്യവത്ക്കരണം തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | പാക്കേജ് 3A - തലശ്ശേരി - കളറോഡ് റോഡിൽ കൂത്തുപറമ്പ് ടൗണിന് ഡിപിആറിൽ നിർദ്ദേശിച്ചിരിക്കുന്ന ജംഗ്ഷൻ വികസനത്തിന് ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രായോഗികമല്ല. ലഭ്യമായ സ്ഥലത്തിനുസരിച്ച് ജംഗ്ഷൻ പരിഷ്കരിച്ച് പൂർത്തിയാക്കി. പെയിന്റിംഗ് പ്രവൃത്തി മഴ മാറിയാൽ ഉടൻ പൂർത്തിയാക്കുന്നതാണ്. സൗന്ദര്യ വത്ക്കരണം നടപ്പിലാക്കുന്നതിന് വേണ്ടി സ്ഥലം ലഭ്യമല്ല. നിർദ്ദേശിച്ച സോളാർ വിളക്കുകളുടെ പണി പൂർത്തിയായി. കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഇനി ബസ് ഷെൽട്ടറുകൾ മാത്രമേ പൂർത്തീകരിക്കാൻ ബാക്കിയുള്ളൂ. |
| (സി) | നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം കൂത്തുപറമ്പ് ടൗണിൽ ഉൾപ്പെടെ വെള്ളക്കെട്ട് രൂപപ്പെട്ട് ഗതാഗതം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (സി) | ഡിപിആറിൽ പറഞ്ഞിരിക്കുന്നതുപോലെ ഡ്രെയിനേജ് ജോലികൾ പൂർത്തിയായി. മലയോരത്ത് നിന്നും അപ്രോച്ച് റോഡുകളിൽ നിന്നും വരുന്ന മഴവെള്ളം കനത്ത മഴയിൽ റോഡിലേയ്ക്ക് ഒഴുകുന്നതു കാരണം വെള്ളക്കെട്ട് രൂപപ്പെടുന്നതായി കാണപ്പെടുന്നു. ഇത് ഒഴിവാക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റോഡ് പ്രവൃത്തിക്ക് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയും, കൂത്തുപറമ്പ് മണ്ഡലത്തിലെ മറ്റ് എല്ലാ പ്രവൃത്തികളും ഈ മാസം |

| | | | |
|---|---|---|---|
| | | | അവസാനത്തോട്ടുകൂടി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ